Talented Bankers Literary Panel
പുസ്തക പരിചയം 164

പുസ്തകം പരിചയപ്പെടുത്തുന്നത്,
വിനു വിജയൻ,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
RBO, കൊട്ടാരക്കര.

വാക്കാൽ എരിയുന്നവർക്കു - (കവിതകൾ )
കവയിത്രി : ആതിര എം എസ്
പ്രസാധകർ : മൈത്രി ബുക്ക്സ്, തിരുവനന്തപുരം
വില : 40 രൂപ.

ആമുഖം : പാണൻ പാടി പഴകിയ പോലെ ഉള്ളിൽ എങ്ങനെയൊക്കെയോ ചേക്കേറിയ കവിതകൾ; മലയാളത്തിന്റെ സ്വന്തം കവിതകൾ വായിച്ചിട്ടുണ്ട് എന്നല്ലാതെ കവിതകൾ അങ്ങനെ വായിക്കാറില്ല.
ഈ ദിവസമാണ് ഒരു കൊറിയർ വരുന്നത്. തുറന്നു നോക്കുമ്പോൾ ഒരു കുഞ്ഞു പുസ്തകം. ആളിന്റെ മേൽവിലാസം തപ്പിയപ്പോൾ ആണ് മനസിലായത്. ഇടുക്കിയുടെ തണുപ്പിൽ വിരിഞ്ഞ സൗഹൃദത്തിന്റെ സ്നേഹ സമ്മാനം.
ഇനി കവിതകളിലേക്കു..

45 ചെറിയ ചെറിയ കവിതകൾ.. ഓരോന്നും ഓരോ പോർമുനകൾ.. നമ്മൾ കണ്ണടക്കുന്നതിനു നേരെ കണ്ണ് തുറക്കുകയും കൈ ചൂണ്ടുകയും ചെയ്യുന്ന കവിതകൾ.. വാക്കുകൾക്ക് ഒതുക്കത്തിന്റെ രൗദ്ര ഭംഗി.. ആദ്യ കവിത മുതൽ ഈ കവയിത്രി എന്നെ കൈപിടിച്ച് നടത്തിക്കുകയായിരുന്നു.. നിനക്ക് ചുറ്റും നീ കണ്ടില്ല എന്ന് നീ സ്വയം കരുതുന്നതിനെ ഒക്കെ ഞാൻ കാണിച്ചു തരാം എന്ന ഉറപ്പോടെ..
പ്രണയവും, യുദ്ധവും, കലാപവും, പ്രകൃതിയും, ഹൃതുക്കളും, പുഴയും എല്ലാം കടന്നു നമ്മൾ നടക്കും.. അതിജീവനത്തിന്റെ കരുത്തു മായാത്ത മനസ്സും, തളരുമ്പോഴും വിടരുന്ന ചിരികളും, നിരാശയും ഒക്കെ മനസ്സിന്റെ പാടത്തേക്കു വിത്തെറിയും പോലെ കവി ഉതിർത്തും.. അവ അവിടെ വീണു വളരും.. എഴുത്തിന്റെ അല്ല ഉൾചേതനയുടെ നിലവിളികൾ ആണ് ഈ കവിതകൾ..

ചില വരികൾ

"ഉടമ്പടി ഒപ്പിടുമ്പോൾ
അനുരാഗമൊഴുകിയ പേന
തെളിയാതെയായി... "

"പ്രവാചകർ നക്ഷത്രങ്ങളെ തിരയുകയാണ്..
പാപികൾ കത്തിച്ച മെഴുകുതിരി ചൂടിൽ
നക്ഷത്രങ്ങൾ ഉരുകി ആകാശത്തിലലിഞ്ഞു.. "

അടക്കമുള്ള എഴുത്തിൽ നമുക്കെടുത്തു സൂക്ഷിക്കാൻ ഒരുപാട് തരുന്ന എഴുത്ത്..
പ്രവാചകരുടെ കാൽ പൊള്ളുന്നതും, കഴിവ് കേടുകളുടെ കട്ടിലിൽ ഒരു കുഞ്ഞായിട്ടെങ്കിലും ഉച്ചയുറങ്ങുന്നതും, കറുത്ത രക്തമൊഴുകി പുഴ മരിക്കുമ്പോൾ ഓർമ്മകളിലെ ദാഹം തീർത്ത മക്കളുടെ ചിത്രവും, വാകപ്പൂക്കൾ പൂക്കുന്നതും, പരിഭവങ്ങളില്ലാതെ കൂടെ നടന്നിട്ടും നെറിവു കെട്ടവന്റെ മുഖത്തേക്ക് വലിച്ചെറിഞ്ഞു കളഞ്ഞ ചെരുപ്പും, ഇരുട്ടിൽ ഒന്ന് പകച്ചപ്പോൾ ജനിച്ച അതിർത്തികളും, ജഡങ്ങൾക്കിടയിൽ പിറക്കാൻ മടിച്ചു, ഗർഭപാത്രത്തിൽ താഴിട്ടു പൂട്ടി ഉറങ്ങുന്ന കവിതയും ഒക്കെ യുവതയുടെ കലങ്ങി മറിയുന്ന മനസിന്റെ നേർരേഖകൾ ആണ്..

" സമത്വം എന്നത് നീ നൽകുന്ന എച്ചിൽ ചോറാണെങ്കിൽ,
വിശപ്പിന്റെ അഗ്നിക്ക് ചുട്ടെരിക്കാൻ എന്റെ ജീവിതമുണ്ട് "
നവാരിയപ്പെട്ടവന്റെ വീറും,
തിളയ്ക്കുന്ന വിപ്ലവവും, നഷ്ടബോധങ്ങളും, നിരാശയും പ്രതീക്ഷയും ഒക്കെ നൽകി ഒറ്റ വായനയിൽ ആണ് അവസാനത്തെ കവിതയിലേക്ക് എത്തിയത്..
നിന്റെ പകലുകൾക്കൊടുവിൽ വീണ്ടും വീണ്ടും മഞ്ഞായി ഞാൻ പെയ്തിറങ്ങുന്നു..

ഉൾക്കരുത്തുള്ള വാക്കുകളുടെ ഭദ്രമായ ചിട്ടപ്പെടുത്തൽ..